# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.17919/20/EST-C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
26/02/2024

## സർക്കുലർ

വിഷയം:- ഫീഡർ കാറ്റഗറി പ്രൊബേഷൻ ഡിക്ലറേഷൻ സംബന്ധിച്ച്.
സൂചന:- 1. 11/11/2020-ലെ ROC.245/09/Est-1 നമ്പർ ബോർഡ് ഉത്തരവ്.
2. ഈ ആഫീസിലെ 18/05/2022-ലെ മേൽ നമ്പർ സർക്കുലർ.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം / മരാമത്ത് വിഭാഗങ്ങളിലെ സെലക്ഷൻ വിഭാഗം തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി സ്റ്റേറ്റ്മെന്റ് സഹിതം റിപ്പോർട്ട് ഹാജരാക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സഹിതം സൂചന (2) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ രണ്ട് സൂചനകളും വ്യക്തമായി പരിശോധിക്കാതെ കൃത്യസമയത്ത് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി റിപ്പോർട്ട് ഹാജരാക്കാത്തതായും, ഹാജരാക്കുന്ന പക്ഷം അവ പലപ്പോഴും വളരെയധികം അശ്രദ്ധമായും നിരുത്തരവാദപരമായും തയ്യാറാക്കി അയയ്ക്കുന്നതായും ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

ഇപ്രകാരം ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലേയ്ക്കായി കൃത്യസമയത്ത് ബന്ധപ്പെട്ട ആഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കാത്തത് ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച നടപടിക്രമങ്ങളെ സാരമായി ബാധിക്കുന്നതാണ്.

ആയതിനാൽ ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തിയായാൽ കൃത്യം ഒരു മാസത്തിനകം ആയത് ഡിക്ലയർ ചെയ്യുന്നതിനായി റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. കൂടാതെ, നിലവിൽ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചിട്ടുള്ള ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ സംബന്ധിച്ച റിപ്പോർട്ട് ന്യൂനതകളില്ലാതെ 04/03/2024-നകം ഈ ആഫീസിൽ ഹാജരാക്കുന്നതിനും ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ
ഇൻ ചാർജ്ജ്
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
3. സെക്ഷൻ ഫയൽ

AR.26/02